പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 709 | 04.11.2016-ലെ മറുപടിക്ക്

## റെയിൽ പാത ഇരട്ടിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>,, കെ.സുരേഷ് കുറുപ്പ്<br>,, കെ.കുഞ്ഞിരാമൻ<br>,, പി.കെ. ശശി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാർ പുലർത്തിയ നിസംഗത റെയിൽപാത ഇരട്ടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളിലും കേരളത്തിലെ റെയിൽ ഗതാഗത വികസനത്തിനും ദോഷകരമായി ബാധിച്ചെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ; | (എ) | ആക്ഷേപം പരിശോധിച്ചിട്ടില്ല. |
| (ബി) | തീരദേശ റെയിൽപാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായി 2011-2016 കാലയളവിൽ എവിടെയെല്ലാം ഭൂമി ഏറ്റെടുക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്; ഇപ്പോൾ പ്രസ്തുത പാത ഇരട്ടിപ്പിക്കലിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | (ബി) | തീരദേശ റെയിൽപാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ കുട്ടനാട്, കാർത്തികപ്പള്ളി, അമ്പലപ്പുഴ എന്നീ താലൂക്കുകളിലായി തകഴി, ചെറുതന, കുമാരപുരം, ഹരിപ്പാട്, കരുവാറ്റ, വീയപുരം, അമ്പലപ്പുഴ, കരുമാടി എന്നീ വില്ലേജുകളിൽ ഭൂമി ഏറ്റെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br>ഭൂമി ഏറ്റെടുക്കൽ നടപടികൾക്കു വിധേയമായി 28.02.2017-ൽ പൂർത്തിയാക്കത്തക്കവിധം പാത ഇരട്ടിപ്പിക്കുന്നതിനുള്ള പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. |
| (സി) | കായംകുളം-കോട്ടയം -എറണാകുളം പാതയുടെ ഇരട്ടിപ്പിക്കൽ നടപടിയും ഇലക്ട്രിഫിക്കേഷൻ നടപടികളും ഇഴഞ്ഞു നീങ്ങുന്നത് അവസാനിപ്പിക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ ഉണ്ടാകുന്നതിന് സർക്കാർ സമ്മർദ്ദം ചെലുത്തുമോ? | (സി) | സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ